"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.WM1/135/2026/LSGD

തദ്ദേശ സ്വയംഭരണ (ഡബ്ല്യൂ.എം) വകുപ്പ്

തിരുവനന്തപുരം,

തീയതി: 04-06-2026

<u>സർക്കുലർ</u>

വിഷയം:- ത.സ്വ.ഭ.വ. - പ്രളയ സാധ്യത കണക്കിലെടുത്ത് അജൈവ പാഴ് വസ്തുനീക്കം സമയബന്ധിതമായി ഉറപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ - സംബന്ധിച്ച്

**********************

സംസ്ഥാനത്തെ കാലവർഷവും വിവിധ പ്രദേശങ്ങളിൽ നിലനിൽക്കുന്ന പ്രളയ സാധ്യതയും കണക്കിലെടുത്ത് അജൈവ പാഴ് വസ്തുനീക്കം (മെറ്റീരിയൽ മൂവ്മെന്റ്) സമയബന്ധിതമായി ഉറപ്പാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. പ്രതികൂല കാലാവസ്ഥ മൂലം മെറ്റീരിയൽ മൂവ്മെന്റിൽ തടസ്സങ്ങൾ നേരിടാൻ സാധ്യതയുള്ളതിനാൽ, സംഭരിച്ചിരിക്കുന്ന പാഴ് വസ്തുക്കൾ യഥാസമയം നീക്കം ചെയ്യുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്. മഴയിൽ നനഞ്ഞ പാഴ് വസ്തുക്കൾ കൈമാറ്റം ചെയ്യുന്നതിനും സംഭരിക്കുന്നതിനും ബുദ്ധിമുട്ട് നേരിടുന്നതോടൊപ്പം അവയുടെ ഗുണനിലവാരവും വിപണിമൂല്യവും കുറയുന്നതിനും സാധ്യതയുണ്ട്. കൂടാതെ, പാഴ് വസ്തുക്കൾ നനഞ്ഞ് കൂടിക്കലർന്ന മാലിന്യമായി (Mixed Waste) മാറുന്നതിലൂടെ മാലിന്യ സംസ്കരണത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് അധിക സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകും. പൊതുസ്ഥലങ്ങളിൽ മാലിന്യക്കൂമ്പാരം വർധിക്കാനും പൊതുജനാരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കപ്പെടാനും ഇടയാകാം. വെള്ളം കയറുന്ന പ്രദേശങ്ങളിലെ പാഴ് വസ്തു സംഭരണ കേന്ദ്രങ്ങളിൽ (Mini MCF/MCF/RRF/Container MCF) നിന്ന് അടിയന്തരമായി നിലവിലുള്ള മാലിന്യം നീക്കം ചെയ്യേണ്ടതും അവ മഴവെള്ളവുമായി കലർന്ന് ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാൻ ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2. ഇതോടൊപ്പം, പ്രളയ സാധ്യത നിലനിൽക്കുന്ന എം.സി.എഫ്. ഉൾപ്പെടെയുള്ള മാലിന്യ സംഭരണ കേന്ദ്രങ്ങളിലേക്ക് വാഹനങ്ങൾക്ക് സുഗമമായി എത്തിച്ചേരുന്നതിനാവശ്യമായ

റോഡ് സൗകര്യങ്ങളും അനുബന്ധ ഗതാഗത ക്രമീകരണങ്ങളും അടിയന്തരമായി ഉറപ്പാക്കേണ്ടതാണ്.

3. തദ്ദേശ സ്ഥാപനതലത്തിൽ പ്രളയ ബാധ്യതയുള്ള പ്രദേശങ്ങളിലെ സംഭരണ സംവിധാനങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ ബന്ധപ്പെട്ട ജോയിന്റ് ഡയറക്ടർമാർ ഉടൻ ശേഖരിച്ച്, അതാത് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ (DDMA) ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്. വരും വർഷങ്ങളിൽ മാർച്ച് 31-നകം തന്നെ ഈ പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടതുമാണ്.

4. ജില്ലാ കളക്ടർമാരുടെ ഇനി വരുന്ന അവലോകന യോഗത്തിലേക്ക് പ്രളയബാധിത(Flood Prone) പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന സംവിധാനങ്ങളുടെ പുതുക്കിയതും കൃത്യവുമായ വിവരങ്ങൾ നിർബന്ധമായും ബന്ധപ്പെട്ട ജോയിന്റ് ഡയറക്ടർമാർ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ.
എല്ലാ ജില്ലാ കളക്ടർമാർക്കും.
മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്.
പ്രോജക്ട് ഡയറക്ടർ, കെ.എസ്.ഡബ്ല്യു.എം.പി.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ.
എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും, തദ്ദേശ സ്വയംഭരണ വകുപ്പ്.
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും.
പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഐ&പി.ആർ. (വെബ് & ന്യൂമീഡിയ) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Signed by
Suja. M
Date: 04-06-2026 17:28:56
സെക്ഷൻ ഓഫീസർ.

പകർപ്പ്:-
തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.

തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.